**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4196** **18-07-2022 - ൽ മറുപടിയ്ക്ക്**

**ജില്ലാ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നിയമിച്ച ജില്ലാ പബ്ലിക് പ്രോസിക്യൂട്ടർമാർ , അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരെ മൂന്ന് വർഷം കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് പിരിച്ചുവിട്ട് പുതിയ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 1978-ലെ Kerala Government Law Officers (Appointment & Conditions of Service) and Conduct of Cases Rules പ്രകാരം മൂന്ന് വർഷത്തേക്കോ അല്ലെങ്കിൽ 60 വയസ്സ് തികയുന്നതുവരെയോ ഇവയിലേതാണോ ആദ്യം അതുവരെ ആണ് ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരെ നിയമിക്കുന്നത്. അപ്രകാരം കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അങ്ങനെയുണ്ടാകുന്ന ഒഴിവുകളിലേക്ക നിയമനം നടത്തുകയാണ് ചെയ്യുന്നത്. |
| (ബി) | പ്രധാനപ്പെട്ട പല കേസുകളിലും പ്രോസിക്യൂഷന്റെ വീഴ്ച മൂലം കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം എത്ര കേസുകളാണ് ഇപ്പോൾ പരിശോധിക്കുന്നത്; അത്തരം കേസുകളിൽ പ്രോസിക്യൂഷനിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ